**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 820**

**05.02.2020-ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലത്തെ സാംസ്കാരിക നിലയം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പി. ഉണ്ണി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |

എ) ഒറ്റപ്പാലത്ത് സാംസ്കാരികനിലയം സ്ഥാപിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന വിശദാംശം ലഭ്യമാക്കാമോ;

ബി) സാംസ്കാരികനിലയം സ്ഥാപിക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ?

എ-യും, ബി-യും) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്ന പദ്ധതി മൊത്തം 5,38,70,118/- രൂപ (അഞ്ചു കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി ഒരുന്നൂറ്റി പതിനെട്ട് രൂപ) ചെലവിൽ നിജപ്പെടുത്തി നിർമ്മിക്കുന്നതിന് 07.09.2019-ലെ സ. ഉ. (സാ. ധാ) നമ്പർ. 408/2019/സാം.കാ.വ പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ, 2018-2019 സാമ്പത്തിക വർഷത്തെ വർക്ക് ബഡ്ജറ്റ്-അനുബന്ധം-2-ൽ ഉൾപ്പെട്ട തദ്ദേശ-സ്വയം ഭരണ സ്ഥാപനങ്ങളുടെ അസെറ്റ് ക്രീയേഷന്റെ (Asset Creation) ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക ധനസമാഹരണം കണ്ടെത്തുവാൻ കഴിയില്ലെന്ന ധനകാര്യ വകുപ്പിന്റെ അറിയിപ്പ് പ്രകാരം, ഒറ്റപ്പാലത്തെ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം നൽകിയ ഭരണാനുമതി റദ്ദ് ചെയ്ത്

31.01.2020-ലെ സ. ഉ. (സാ. ധാ) നമ്പർ. 55/2020/സാം.കാ.വ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

"ഭരണഭാഷ മാതൃഭാഷ"

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - 2018-19 - ബഡ്ജറ്റ് എസ്റ്റിമേറ്റ് (അനുബന്ധം II - ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ വാല്യം - II) - പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് സർക്കാർ ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(സാധാ)നം. 55/2020/സാം.കാ.വ തീയതി,തിരുവനന്തപുരം, 31/01/2020.

പരാമർശം : - 1. പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭാ സെക്രട്ടറിയുടെ 18.03.2019-ലെ ഇ.1-14778/18 നമ്പർ കത്ത്.

2. പാലക്കാട് ജില്ലാ കളക്ടറുടെ 05.04.2019, 12.06.2019 എന്നീ തീയതികളിലെ ഡി.സി.പി.കെ.ഡി/9374/2018/ഡി.6 നമ്പർ കത്തുകൾ.

3. 07.09.2019 -ലെ സ.ഉ.(സാ.ധാ) നമ്പർ. 408/2019/സാം.കാ.വ

ഉത്തരവ്

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II -ലെ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളുടെ വിശദവിവരങ്ങൾ വാല്യം II- ൽ) 5644-ാം ക്രമ നമ്പറായി ഉൾപ്പെടുത്തിയിട്ടുള്ളതായും, 10 കോടി രൂപ എസ്റ്റിമേറ്റ് തുകയായി പരാമർശിച്ചിട്ടുള്ളതായും, ആയതിനാൽ ടി സാംസ്കാരിക നിലയം പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ നിർമ്മിക്കുന്നതിന് സർക്കാർ ധനസഹായം അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് ടി നഗരസഭ സെക്രട്ടറി പരാമർശം പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി തുടർന്ന് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം മൊത്തം 5,38,70,118/- (അഞ്ച് കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി ഒരുന്നൂറ്റി പതിനെട്ട്) രൂപ ചെലവിൽ നിജപ്പെടുത്തി നിർമ്മിക്കുന്നതിന് പരാമർശം 3-പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ-സ്വയം ഭരണ സ്ഥാപനങ്ങളുടെ അസറ്റ് ക്രിയേഷന്റെ (Asset creation) ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് കണ്ടെത്തുന്നത് " Maintenance Assests and Expansion and Development devolved to the Local Self Government Institutions, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ എഞ്ചിനിയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്ന എം.എൽ.എ യുടെ ആസ്തി വികസന പദ്ധതി, എം.എൽ.എ -യുടെ സ്പെഷ്യൽ വികസന ഫണ്ട് എന്നിവയിൽ നിന്നാണ്. 2018-2019 സാമ്പത്തിക വർഷത്തിന് മുൻപ് വരെ തദ്ദേശ-സ്വയം ഭരണ സ്ഥാപനങ്ങളുടെ അസറ്റ് ക്രിയേഷന്റെ (Asset creation) ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങൾ വർക്ക് ബഡ്ജറ്റ്-അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല. എന്നാൽ 2018-2019 സാമ്പത്തിക വർഷം അത്തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വർക്ക് ബഡ്ജറ്റ്-അനുബന്ധം 2-ൽ ഉൾപ്പെടുത്തുകയുണ്ടായി.

ഇത്തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ അധിക ധനസമാഹരണം നടത്തേണ്ടതുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഇത്തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് അധിക ധനസമാഹരണം കണ്ടെത്തുവാൻ കഴിയുകയില്ല. മേൽ കാരണങ്ങളാൽ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ പാലക്കാട് ജില്ലയിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം മൊത്തം 5,38,70,118/- രൂപ (അഞ്ചു കോടി മുപ്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി ഒരുന്നൂറ്റി പതിനെട്ട് രൂപ മാത്രം) ചെലവിൽ നിജപ്പെടുത്തി നിർമ്മിക്കുന്നതിന് പരാമർശം 3-പ്രകാരം നൽകിയ ഭരണാനുമതി ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗീത. കെ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം
ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം

ജില്ലാ കളക്ടർ, പാലക്കാട്

സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ, മുനിസിപ്പൽ ഓഫീസ്, ഒറ്റപ്പാലം,
പാലക്കാട്- 679102

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (എഡ്യൂക്കേഷൻ സി) വകുപ്പ് (19.11.2019-ലെ
ഇ.ഡി.എൻ-സി.3/179/2018/ധന നമ്പർ കുറിപ്പ് പ്രകാരം)

ധനകാര്യ (ഇൻസ്പെക്ഷൻ വിഭാഗം) വകുപ്പ്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയാ ഡിവിഷൻ,
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ